**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1146** **12-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിൽ എത്ര രൂപയാണ് നിലവിൽ കുടിശികയുള്ളതെന്നും എന്നു മുതലുള്ള തുകകളാണ് ഇപ്രകാരം കുടിശ്ശികയായുള്ളതെന്നുമുള്ള കണക്കുകൾ ഇനവും കോഴ്സും വർഷവും തിരിച്ച് ലഭ്യമാക്കുമോ; | (എ) | വിദ്യാഭ്യാസ ആനുകൂല്യത്തിൽ കുടിശ്ശികയുള്ളതിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.<br><br>2021-22 വർഷത്തിലെ വിദ്യാഭ്യാസ ആനുകൂല്യയിനത്തിൽ 11,00,000/- രൂപയും 2022-23 വർഷത്തിൽ 2,84,54,461/- രൂപയും 2023-24 വർഷത്തിൽ 27,14,39,151/- രൂപയും ചേർത്ത് ആകെ 30,09,93,612/- രൂപ കുടിശ്ശികയുണ്ട്. |
| (ബി) | 2023 -24 അധ്യയന വർഷത്തിൽ ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ആകെ എത്ര രൂപയാണ് ആവശ്യമായിരുന്നതെന്നും ഇതിലേക്കായി 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലും സപ്ലിമെന്ററി ഡിമാന്റുകളിലുമായി നീക്കിവെച്ചതും റീഅപ്രോപ്രിയേഷൻ വഴി അനുവദിച്ചതുമായ ആകെത്തുക എത്രയാണെന്നുമുള്ള ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | 2023-24 വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി 2405-00-121-97-00-12-00-N-V (Non Plan) എന്ന ശീർഷകത്തിൽ 25 കോടി രൂപയും വിദ്യാതീരം പദ്ധതിയിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിനായി 2405-00-103-80 (Plan) എന്ന ശീർഷകത്തിൽ 702 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ആയത് പൂർണ്ണമായും ചെലവഴിച്ചു. ഓരോ വർഷവും ഏകദേശം 37 കോടി രൂപ വിദ്യാഭ്യാസ ധനസഹായം വിതരണം ചെയ്യുന്നതിന് ആവശ്യമായി വരും. എന്നാൽ കൃത്യ സമയത്ത് ക്ലെയിമുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാത്തതിനാൽ ഓരോ വർഷവും മുൻ വർഷത്തെ കുടിശ്ശിക കൂടി കൊടുത്തു തീർക്കേണ്ടി വരും. ആയതിനാൽ 2023-24 വർഷം ബജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ 16 കോടി രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചിരുന്നു. ടി തുകയും വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്യുന്നതിനായി അനുവദിച്ചു. അങ്ങനെ 2023-24 വർഷത്തിൽ വിദ്യാഭ്യാസ ആനുകൂല്യത്തിനായി ആകെ 48.02 കോടി രൂപ (25+7.02+16) അനുവദിക്കുകയും ടി തുക ചെലവഴിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (സി) | മത്സ്യത്തൊഴിലാളികളുടെ മെഡിക്കൽ പി.ജി. വിദ്യാർത്ഥികളായ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യം വിവിധ കാരണങ്ങൾ ചൂണ്ടിക്കാണിച്ച് തടഞ്ഞു വയ്ക്കുന്നതായി ഉള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മത്സ്യത്തൊഴിലാളികളുടെ മെഡിക്കൽ പി.ജി. വിദ്യാർത്ഥികളായ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തടഞ്ഞു വെച്ചിട്ടില്ല. അപേക്ഷകർ സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച് അർഹരായവർക്ക് ആനുകൂല്യം അനുവദിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ഡി) | മത്സ്യത്തൊഴിലാളികളുടെ മെഡിക്കൽ പി.ജി. വിദ്യാർത്ഥികളായ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തടഞ്ഞു വെച്ചിട്ടില്ല. അപേക്ഷകർ സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച് അർഹരായവർക്ക് ആനുകൂല്യം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ